# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## മക്കൾക്കുവേണ്ടി മാതാപിതാക്കളുടെ പ്രാർത്ഥന-Children




### മക്കൾക്കുവേണ്ടി മാതാപിതാക്കളുടെ പ്രാർത്ഥന

നല്ല ദൈവമേ അങ്ങയുടെ മഹത്വമായ ദാനങ്ങളാണ് ഞങ്ങളുടെ പ്രിയപ്പെട്ട മക്കൾ. അവരെ ഞങ്ങൾക്കു കനിഞ്ഞു നൽകിയതിനെ ഓർത്ത് ഞങ്ങളങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. അവർ അങ്ങയുടെ ഉള്ളം കൈയ്യിലാണെന്നതാണ് ഞങ്ങളുടെ ഏറ്റം വലിയ ആശ്വാസം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ സ്നേഹത്തിലും സമാധാനത്തിലും സന്തോഷത്തിലും അവരെ എന്നും കാത്തുകൊള്ളണമേ. അങ്ങേയ്ക്ക് അനിഷ്ടമുള്ളതൊന്നും ചെയ്യുവാൻ അവരെ അനുദിക്കരുതേ. അവരെ എപ്പോഴും സന്തോഷമുള്ളവരും പ്രാർത്ഥനാ ചൈതന്യമുള്ളവരും എല്ലാറ്റിനും അവിടത്തേക്ക് നന്ദിപറയുന്നവരുമാക്കണമേ. അങ്ങയുടെ തിരുരക്തത്തിൽ അവരെ കഴുകി വിശുദ്ധീകരിക്കണമേ. ആ തിരുരക്തത്തിൽ അവരെ പൊതിയണമേ. അവർക്കു ചുറ്റും തിരുരക്ത കോട്ടകെട്ടി സംരക്ഷിക്കണമേ.

വിനയത്തിലും വിശുദ്ധിയിലും സ്നേഹത്തിലും സത്യത്തിലും നീതിബോധത്തിലും അവരെ വളർത്തണമേ. അവരുടെ ബുദ്ധിക്ക് പ്രാകാശവും മനസിന് ധൈര്യവും ശരീരത്തിന് ആരോഗ്യവും നൽകണമേ. ഞങ്ങളുടെ മക്കളിൽ ഒരാളെയെങ്കിലും അൾത്താര ശുശ്രൂഷക്കും പ്രേഷിത വേലയ്ക്കുമായി വിളിക്കണമേ. അവർക്ക് ശാന്തിയും സമാധാനവും നൽകണമേ. അവർ ഞങ്ങൾക്ക് ആശാകേന്ദ്രവും കുടുംബത്തിന് പ്രകാശവും നാടിന് നന്മയുമായി വളർന്നു വരാൻ അനുഗ്രഹിക്കണമേ . അവരുടെ നല്ല പ്രവൃത്തികൾ കണ്ട് മറ്റു മനുഷ്യർ സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തത്തക്കവിധം അവരുടെ വെളിച്ചം സകല മനുഷ്യരുടേയും മുമ്പിൽ  പ്രകാശിക്കട്ടെ. ആമേൻ.

### തിരുവചനം

രാത്രിയിൽ, യാമങ്ങളുടെ ആരംഭത്തിൽ എഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിന്റെ സന്നിധിയിൽ ജലധാരപോലെ നിന്റെ ഹൃദയത്തെ ചൊരിയുക. നാൽക്കവലകളിൽ വിശന്നു തളർന്നുവീഴുന്ന നിന്റെ മക്കളുടെ ജീവനുവേണ്ടി നീ അവിടുത്തേ സന്നിധിയിലേക്കു കൈകളുയർത്തുക (വിലാപങ്ങൾ 2:19).

ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ

നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ (ഫിലിപ്പി 4:6).

അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്, എന്റെ കണ്ണീർകണങ്ങൾ അങ്ങു കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട് (സങ്കീർത്തനങ്ങൾ 56:8).

+++